# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.**3485**

08/11/2019-ൽ
മറുപടിയ്ക്ക്

## യൂണിവേഴ്സിറ്റി കോളേജിൽ അച്ചടക്കം ഉറപ്പാക്കാൻ നടപടി

**ചോദ്യം**

ശ്രീ.പി.കെ.അബ്ദു റബ്ബ്
ശ്രീ.പി.ഉബൈദുള്ള
ശ്രീ.ടി.വി.ഇബ്രാഹിം
ശ്രീ.കെ.എൻ.എ.ഖാദർ

**മറുപടി**

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | യൂണിവേഴ്സിറ്റി കോളേജിലെ കത്തിക്കുത്ത് കേസ്സിനുശേഷം കോളേജിൽ അച്ചടക്കം ഉറപ്പാക്കുന്നതിന് എടുത്ത തീരുമാനങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന പരാതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | 12.07.2019 - ൽ യൂണിവേഴ്സിറ്റി കോളേജ് ക്യാമ്പസിൽ വച്ച് നടന്ന വിദ്യാർത്ഥി സംഘട്ടനത്തിന് ശേഷം കോളേജ് കൗൺസിൽ കൂടുകയും, അച്ചടക്കം ഉറപ്പാക്കുന്നതിന് തീരുമാനങ്ങൾ എടുക്കുകയും, ഡിസിപ്ലിനറി കമ്മിറ്റിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പ് മേധാവികളുടെയും ട്യൂട്ടർമാരുടെയും നേതൃത്വത്തിൽ എല്ലാ ക്ലാസ്സുകളിലും അച്ചടക്കം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 19.07.2019 - ന് നടന്ന കോളേജ് കൗൺസിൽ തീരുമാനപ്രകാരം കോളേജ് തല ഡിസിപ്ലിൻ കമ്മിറ്റി പുന:സംഘടിപ്പിക്കുകയും അച്ചടക്കം നടപ്പിലാക്കുന്നതിൽ മേൽനോട്ടം വഹിച്ചു വരികയും ചെയ്യുന്നുണ്ട്. ഒക്ടോബർ 15 - ന് ക്യാമ്പസിനുള്ളിൽ ബോട്ടണി വിഭാഗത്തിലെ വിദ്യാർത്ഥികൾ തമ്മിൽ നടന്ന സംഘർഷത്തിൽ കർശന നടപടി സ്വീകരിച്ചതിന്റെ ഭാഗമായി 4 വിദ്യാർത്ഥികളെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ അച്ചടക്കം ഉറപ്പാക്കുന്നതിന് കർശന നടപടികളാണ് സ്വീകരിച്ച് വരുന്നത്. |
| (ബി) | പൊതുപരിപാടികൾ സംഘടിപ്പിക്കുന്നതിനുമുമ്പ് പ്രിൻസിപ്പലിന്റെ അനുമതി വാങ്ങണമെന്ന നിർദ്ദേശം പാലിക്കാതെ കോളേജിൽ ചടങ്ങുകൾ സംഘടിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ? | (ബി) | പൊതു പരിപാടികൾ സംഘടിപ്പിക്കുന്നതിന് മുൻപ് പ്രിൻസിപ്പാളിന്റെ അനുമതി ലഭ്യമാക്കാറുണ്ട്. അനുമതി വാങ്ങാതെ പൊതു പരിപാടികൾ സംഘടിപ്പിക്കാറില്ല. |

**സെക്ഷൻ ഓഫീസർ**